പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1592** **10.02.2020 ലെ മറുപടിയ്ക്ക്**

**മുനിസിപ്പൽ ജീവനക്കാരുടെ പെൻഷനും ആനുകൂല്യങ്ങളും**

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം
എ.സി.മൊയ്തീൻ
(ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിരമിക്കുന്ന വേളയിൽ മുനിസിപ്പൽ ജീവനക്കാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ ; | (എ) | മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിനാണ് 10/1991 ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചത്. നഗരസഭയിലെ റഗുലർ ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% നഗരസഭാ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നു. 01.04.2013 ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷനാണ് ബാധകം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 10% വും നഗരസഭാ വിഹിതമായി 10% വും വസൂലാക്കി നാഷണൽ പെൻഷൻ സ്കീമിൽ ഒടുക്കി വരുന്നു. |
| (ബി) | ഇത് ഏത് അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കുന്നതെന്നും വിരമിക്കുമ്പോൾ ഈ അക്കൗണ്ടിൽ നിന്നുമാണോ നിലവിൽ ആനുകൂല്യങ്ങൾ നൽകുന്നതെന്നും അറിയിക്കുമോ ; | (ബി) | സെൻട്രൽ പെൻഷൻ സ്കീം പ്രകാരമുള്ള തുക നഗരകാര്യ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള റ്റി.പി.എ-701010200000064 അക്കൗണ്ടിലാണ് നഗരസഭാ സെക്രട്ടറിമാർ ഒടുക്കുന്നത്. ആയതിൽ നിന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ ചെലവിനത്തിലുള്ള തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ചെലവാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | (സി) | നഗരസഭകൾ പെൻഷൻ ആനുകൂല്യങ്ങൾ നഗരസഭയുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും അനുവദിച്ച് നൽകുവാൻ 04.03.2016- ലെ സ.ഉ(എം.എസ്) 49/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഈ തുക സർക്കാർ എന്നത്തേയ്ക്കാണ് തിരിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതെന്നും ഈയിനത്തിൽ നിലവിൽ സർക്കാരിന് എത്ര കുടിശ്ശികയുണ്ട് എന്നും വിശദമാക്കുമോ ? | (ഡി) | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭകൾക്ക് 31.03.2019 വരെ 440,70,52,207/- രൂപ അനുവദിച്ച് നൽകുവാനുള്ളതിൽ 05.02.2020- ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2020/തസ്വഭവ പ്രകാരം 50 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**